# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1885 — 11.02.2020-ൽ മറുപടിയ്ക്ക്

### ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സെക്രട്ടേറിയേറ്റിന് പുറമെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | സെക്രട്ടേറിയറ്റിനു പുറമേ സംസ്ഥാനത്തെ മറ്റ് സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെൽട്രോൺ ടെണ്ടർ നടപടി പൂർത്തിയാക്കി വരുന്നു. |
| (ബി) | ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്പാർക്കിൽ ഉൾപ്പെടാത്ത ഓഫീസുകളിൽ എപ്രകാരമാണ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | സ്പാർക്ക് സംവിധാനം നിലവിലില്ലാത്ത ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ മുഖേന ഹാജർ ബന്ധപ്പെട്ട മേലധികാരികൾ നിരീക്ഷിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഗവൺമെന്റ് സെക്രട്ടറിമാരെ പഞ്ചിംഗിൽ നിന്നും ഒഴിവാക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം എന്താണ് എന്നറിയിക്കാമോ? | | ഉണ്ട്; ചീഫ് സെക്രട്ടറി ഒഴികെയുള്ള എല്ലാ ഐ.എ.എസ് ഉദ്യോഗസ്ഥരും ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ